പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4298 27.06.2013-ൽ മറുപടിക്ക്.

## സ്കൂളുകളിൽ പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടി അദ്ധ്യാപകർക്ക് പ്രീപ്രൈമറി അദ്ധ്യാപകരായി മാറ്റം നൽകുന്നതിന് ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | നിലവിൽ പി.റ്റി.എയുടെ ചുമതലയിൽ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി ആരംഭിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | 7/12/12-ലെ ജി.ഒ (എം.എസ്) 385/12/പൊ.വി.വ ഉത്തരവ് 6-ാം ഖണ്ഡിക പ്രകാരം പുതുതായി പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എയ്ഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല |
| (സി) | ഇത്തരം പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ തന്നെ തുടർന്ന് പഠിക്കുന്നതിന് സാദ്ധ്യതയുള്ളതാകയാൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പക്കാൻ ഉതകുന്നതിന് പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ | (സി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ